പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2511** **12.03.2018-ൽ മറുപടിക്ക്**

## പൊതുമരാമത്ത് റോഡുകളിലെ വഴിയോര കച്ചവടക്കാർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ടി.എ.റഹീം** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) പൊതുമരാമത്ത് റോഡുകളിൽ ഉപജീവന മാർഗ്ഗത്തിനായി വ്യാപാരം നടത്തുന്ന വഴിയോര കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | പൊതുമരാമത്ത് റോഡുകൾ കയ്യേറി വ്യാപാരം നടത്തുന്ന വഴിയോര കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടുമ്പോൾ തന്നെ അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് (കൈ) നം. 63/16/പൊ.മ.വ തീയതി 03.09.2016 പ്രകാരം നടപ്പിലാക്കി വരുന്നു. |
| (ബി) ഗതാഗതത്തിന് തടസമില്ലാത്തവിധം കച്ചവടം ചെയ്യുന്ന വഴിയോര കച്ചവടക്കാരോട് മാനുഷിക പരിഗണന കാണിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | (ബി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ വഴിയോര കച്ചവടക്കാർ കച്ചവടം ചെയ്യുന്നത് റോഡിലൂടെയുള്ള സുഗമമായ യാത്രയ്ക്ക് ഹാനികരമാണ്. ഇത്തരത്തിലുള്ള കച്ചവടം വിവിധതരത്തിലുള്ള റോഡപകടങ്ങൾക്ക് കാരണമാകുന്നു. ഗതാഗതത്തിന് തടസമില്ലാത്തവിധമായാലും പൊതുമരാമത്ത് റോഡുകൾ കയ്യേറി കച്ചവടം നടത്തുന്നത് അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ